പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3394 — 16.12.2015 ലെ മറുപടിയ്ക്ക്

## കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇടനിലക്കാരുടെ ചൂഷണമില്ലാതെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഇടനിലക്കാരുടെ ചൂഷണമില്ലാതെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലുള്ള ആനയറ, എറണാകുളം ജില്ലയിലുള്ള മരട്, കോഴിക്കോട് ജില്ലയിലുള്ള വേങ്ങേരി എന്നീ നഗരകാർഷികമൊത്തവ്യാപാര വിപണികളിലും തിരുവനന്തപുരം ജില്ലയിലുള്ള നെടുമങ്ങാട്, എറണാകുളം ജില്ലയിലുള്ള മൂവാറ്റുപുഴ, വയനാട് ജില്ലയിലുള്ള സുൽത്താൻ ബത്തേരി എന്നീ ഗ്രാമീണകാർഷികമൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് കാർഷികോല്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. കൊല്ലം ജില്ലയിലെ കാളിയൻചന്ത, ആലപ്പുഴ ജില്ലയിലെ കോടന്തുരുത്ത്, കോട്ടയം ജില്ലയിലെ കുറുപ്പന്തറ, ഇടുക്കി ജില്ലയിലെ തൊടുപുഴ, തൃശ്ശൂർ ജില്ലയിലെ പാവറട്ടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും കർഷകർക്ക് ഉല്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ കർഷകർക്ക് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു.<br><br>സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിലുൾപ്പെട്ട കർഷകരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 22 ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ മുഖാന്തിരവും, പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന 231 എ ഗ്രേഡ് ക്ലസ്റ്ററുകൾ മുഖാന്തിരവും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ട് വിപണനം ചെയ്തുവരുന്നു. ഇതു കൂടാതെ സർക്കാർ |

നിയന്ത്രണത്തിലുള്ള VFPCK (വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള)- യുടെ സ്വാശ്രയ വിപണികളിലും നേരിട്ട് വിപണന സൗകര്യങ്ങൾ ലഭ്യമാണ്. സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും നേരിട്ട് കാർഷികോല്പന്നങ്ങൾ സംഭരണം നടത്തുന്നതു വഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകർ ഒഴിവാകുന്നു.

| | |
|---|---|
| **(ബി)** എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | **(ബി)** ഇടനിലക്കാരുടെ ചൂഷണം പരമാവധി ഒഴിവാക്കുന്നതിനും കർഷർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമാണ് ഇത് വഴി ലക്ഷ്യമിടുന്നത്. മേൽ വിവരിച്ച സംവിധാനങ്ങളിലൂടെ ഈ ലക്ഷ്യം ഏറെക്കുറെ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| **(സി)** ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | **(സി)** സർക്കാർ ഉടമസ്ഥതയിലുള്ള വിപണികളുടേയും, ജില്ലാസംഭരണ കേന്ദ്രങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനത്തിനായി മാർക്കറ്റ് വികസന പദ്ധതി പ്രകാരം തുക വകയിരുത്തുകയും ഓരോ വിപണിയുടെയും വികസനത്തിനായി ആവശ്യമുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**